# പതിമൂന്നാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : **3652** — **17-12-2015** ൽ മറുപടിയ്ക്ക്

## വിഴിഞ്ഞം തുറമുഖ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി.ദിവാകരൻ : | ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) വിഴിഞ്ഞം തുറമുഖ പദ്ധതിയിൽ സർക്കാരിന്റെ പങ്കാളിത്തം വ്യക്തമാക്കുമോ ; ആകെ അടങ്കൽ എത്രയാണെന്നും ഇതിൽ എത്ര തുകയാണ് സംസ്ഥാനം ചെലവിടുന്നത് എന്നും എത്ര സമയം കൊണ്ട് പദ്ധതി പൂർത്തീകരിക്കും എന്നും വിശദമാക്കുമോ ? | (എ) കരാർ പ്രകാരം വിഴിഞ്ഞം പദ്ധതിയിൽ തുറമുഖത്തിനു മാത്രമായുള്ള ആകെ തുക 5552 കോടി രൂപയാണ്. ഇതിൽ 4089 കോടി രൂപ പി.പി.പി ഘടകവും 1463 കോടി രൂപ സർക്കാർ ചെലവിൽ നിർമ്മിക്കുന്ന ഫണ്ടഡ് വർക്കായ ബ്രേക്ക് വാട്ടറിന്റെ തുകയുമാണ്. മേൽപ്പറഞ്ഞ 5552 കോടി രൂപ കൂടാതെ ബാഹ്യ അടിസ്ഥാന സൗകര്യങ്ങളായ റെയിൽ കണക്ടിവിറ്റിയും വെള്ളവും ഭൂമിയും നൽകേണ്ടത് സംസ്ഥാന സർക്കാരാണ്. ഇതിന് നിലവിൽ കണക്കാക്കിയിട്ടുള്ള തുക 1973 കോടി രൂപയാണ്. ബാഹ്യ അടിസ്ഥാന സൗകര്യങ്ങൾക്കുള്ള തുക കൂടി കണക്കിലെടുത്താൽ മൊത്തം പദ്ധതി ചെലവ് 7525 കോടി രൂപയാണ്.<br>പി.പി.പി ഘടകത്തിൽ സ്വകാര്യ പങ്കാളിക്ക് 40% സഹായധനത്തിന് അർഹതയുണ്ട്. ബിഡ്ഡർ ആവശ്യപ്പെട്ട സഹായധനം 1635 കോടി രൂപയാണ്. ഇതിൽ പി.പി.പി. ഘടകത്തിന്റെ 30% സഹായധനം 1226.7 കോടി രൂപ "Equity Support" ആയി നിർമ്മാണ ഘട്ടത്തിലും, 408.3 കോടി രൂപ "O&M Support" ആയി നടത്തിപ്പു കാലയളവിലും സ്വകാര്യ പങ്കാളിയ്ക്കു നൽകേണ്ടതാണ്.<br>സംസ്ഥാന സർക്കാർ നിർമ്മാണ കാലയളവിൽ 1463 കോടി രൂപയുടെ ഫണ്ടഡ് വർക്കിന്റെ ചെലവ് വഹിക്കും. ഒപ്പം 408.9 കോടി രൂപ ചെലവ് സഹായധനമായി (പി.പി.പി. ഘടകത്തിന്റെ 10%) നല്കും. നിർമ്മാണ കാലയളവിൽ സംസ്ഥാന സർക്കാരിന്റെ ചെലവ് 1871.9 കോടി രൂപയാണ് (1463+408.9). |

സംസ്ഥാന സർക്കാർ നടത്തിപ്പു കാലയളവിൽ 408.3 കോടി രൂപ സഹായധനമായി നല്കും. സംസ്ഥാന സർക്കാർ പദ്ധതിയുടെ വിവിധ ഘട്ടങ്ങളിൽ ബാഹ്യ അടിസ്ഥാന സൗകര്യത്തിനായി 1973 കോടി രൂപ ചെലവ് വഹിയ്ക്കും.

കരാർ പ്രകാരം നാലുവർഷത്തിനുള്ളിൽ പദ്ധതിയുടെ ഒന്നാം ഘട്ട നിർമ്മാണം പൂർത്തിയാകും.

സെക്ഷൻ ഓഫീസർ